**വി. ശിവൻകുട്ടി**
**പൊതുവിദ്യാഭ്യാസവും**
**തൊഴിലും വകുപ്പ് മന്ത്രി**
**കേരള സർക്കാർ**

തിരുവനന്തപുരം

തീയതി..08.07.2022

**പ്രിയ വിദ്യാർത്ഥി സുഹൃത്തുക്കളെ,**

മനുഷ്യവിഭവ ശേഷിയിൽ സമ്പന്നമായ നമ്മുടെ രാജ്യത്തെ യുവജനതയുടെ തൊഴിൽശേഷിയും നൈപുണ്യവും കാര്യക്ഷമതയും മത്സരാടിസ്ഥാനത്തിലുള്ള നിലവാരവും വർദ്ധിപ്പിക്കേണ്ടത് രാഷ്ട്രപുരോഗതിക്ക് അനിവാര്യമായ ഘടകങ്ങളാണ്. അഭ്യസ്തവിദ്യരായ യുവജനതയ്ക്ക് സാങ്കേതിക മേഖലയിലെ തൊഴിൽ സാധ്യതകൾ വേണ്ട വിധം പ്രയോജനപ്പെടുത്തുവാൻ വിവിധ മേഖലകളിലുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കേണ്ടതാണ്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തോടൊപ്പം മികച്ച തൊഴിലവസരങ്ങളും നേടിയെടുക്കാനുതകുന്ന തരത്തിലുള്ള വിവിധ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികൾ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ വ്യാവസായിക പരിശീലന വകുപ്പും സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും നടപ്പാക്കി വരുന്നു. ഈ അവസരങ്ങൾ നിങ്ങൾ ഓരോരുത്തരും പരമാവധി പ്രയോജനപ്പെടുത്തി നൈപുണ്യ കേരളത്തിന്റെ സാക്ഷാത്കാരത്തിനായി തൊഴിലും നൈപുണ്യവും വകുപ്പിനോടൊപ്പം പങ്കുചേരണമെന്ന് അന്താരാഷ്ട്ര യുവജന നൈപുണ്യ ദിനത്തിൽ ഞാൻ നിങ്ങളെ ഓർമപ്പെടുത്തുന്നു.

നമുക്ക് ഒരുമിച്ച് മുന്നേറാം. സർക്കാർഒപ്പമുണ്ട്.

ഹൃദയപൂർവം,

**വി.ശിവൻകുട്ടി**

ഓഫീസ് : റൂം നമ്പർ 201, രണ്ടാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2517048 മൊബൈൽ : 9400009100
ഇ-മെയിൽ : min.edu@kerala.gov.in, min.lbr@kerala.gov.in